അധിക വില ഈടാക്കുന്നതിനെതിരെ നടപടി

*3 [30] *ശ്രീ.തമ്പാനൂർ രവി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് സമ്പ്രദായം നിലവിൽ വന്നശേഷം നികുതിയിൽ കുറവ് വരുത്തിയ സാധനങ്ങൾക്ക് ഇപ്പോഴും അധിക വില ഈടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തി വാറ്റിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് നിഷേധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ,

(എ) & (ബി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിൽ വന്നശേഷം ചില ഉൽപ്പന്നങ്ങൾക്ക് നികുതി കുറഞ്ഞെങ്കിലും ഉൽപ്പാദകർ അടിസ്ഥാന വിലയിൽ കുറവു വരുത്തിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യം അടിയന്തിര നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്. ദേശീയ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിലേക്കായി സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ ഉന്നതാധികാര സമിതിയിൽ ഇക്കാര്യം ഉന്നയിച്ചിട്ടുമുണ്ട്. കൂടാതെ വാറ്റിന്റെ നടത്തിപ്പു സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനുവേണ്ടി വിവിധ വാണിജ്യ-വ്യവസായ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ധനമന്ത്രി ചെയർമാനായുള്ള ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി: വാറ്റ് സിസ്റ്റം വരുന്നതിനു മുൻപ് ഏതാണ്ട് ഇരുപതിലധികം സ്ലാബുകളാണ് ഉണ്ടായിരുന്നത്. വാറ്റ് സിസ്റ്റം വന്നപ്പോൾ സ്ലാബുകളുടെ എണ്ണം 3 ആയി ചുരുങ്ങി. അപ്പോൾ നമ്മളെല്ലാം പ്രതീക്ഷിച്ചത് എല്ലാറ്റിനും വില കുറയുമെന്നാണ്. ഇവിടെ മന്ത്രി ഉത്തരത്തിൽ സമ്മതിച്ച മാതിരി ഉല്പാദകരും, ഹോൾസെയിൽകാരും എടുത്തിരിക്കുന്ന തീരുമാനമനുസരിച്ച് ഇതിനൊന്നും വില കുറയുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ഉദാഹരണത്തിന് ഗോതമ്പ്, പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, പലവ്യഞ്ജനങ്ങൾ ഇതിനെല്ലാം 15 ശതമാനം അധിക നികുതിയുണ്ടായിരുന്നു. വാറ്റ് introduce ചെയ്തപ്പോൾ ആ അധികനികുതി കുറഞ്ഞു. ഇവിടെ സംഭവിച്ചിരിക്കുന്നത് ഉല്പാദകരും ഹോൾസെയിൽകാരും ഒരുമിച്ചു ചേർന്നുകൊണ്ട് ഈ വാറ്റിന്റെ ബെനിഫിറ്റ് അവർ

LIBRARY ARCHIVES Kerala Legislative Assembly

കയ്യടക്കിയിരിക്കുകയാണ്. ഒരു സാധനം പ്രൊഡ്യൂസ് ചെയ്തുകഴിഞ്ഞാൽ വാറ്റ് അനുസരിച്ച് ഒരു കൺസ്യൂമറിന് കിട്ടേണ്ട മിനിമം ലാഭം കൂടി ചേർത്ത് വില കൂട്ടി മാർക്കറ്റിൽ വരുന്നതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. അത് പരിഹരിക്കാൻ എന്തു നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി Essential Commodities Act-ൽ ഒരു വകുപ്പുണ്ടായിരുന്നു. എന്നാൽ 2002-ൽ ഒരു ഭേദഗതി മുഖേന അത് എടുത്തുകളഞ്ഞു. ഗവണ്മെന്റിന് കുറെ പരിമിതികളുണ്ട്. അതുകൊണ്ടാണ് എമ്പവേർഡ് കമ്മിറ്റിയിൽ തന്നെ ഈ പ്രശ്നം ഉന്നയിച്ചിട്ടുള്ളത്. 9-ാം തീയതി വീണ്ടും എമ്പവേർഡ് കമ്മിറ്റി മീറ്റിംഗ് കൂടുന്നുണ്ട്. പ്രധാനമായി കേന്ദ്ര ഗവണ്മെന്റിന് ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ഉള്ളതിനെക്കുറിച്ച് പരിശോധിക്കാൻ ഈ എമ്പവേർഡ് കമ്മിറ്റിയുടെ മീറ്റിംഗിൽ ചർച്ച ചെയ്യും. കുറെ സാധനങ്ങളുടെ വില കുറഞ്ഞിട്ടുണ്ട്. പക്ഷെ എല്ലാ സാധനങ്ങളിലും ആ ടാക്സ് കുറഞ്ഞതിന്റെയടിസ്ഥാനത്തിൽ വില കുറയുന്നില്ല. കുറച്ചിട്ടില്ല എന്നത് ഒരു സത്യമാണ്. അതിന് തീർച്ചയായും ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. തമ്പാനൂർ രവി: കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. നമുക്കു വേണ്ട 90 ശതമാനം സാധനങ്ങളും അന്യ സംസ്ഥാനത്തു നിന്നാണ് വരുന്നത്. വാറ്റ് introduce ചെയ്തപ്പോൾ നമ്മൾ പ്രതീക്ഷിച്ചത് വില കുറയുമെന്നാണ്. വില കുറഞ്ഞില്ല. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവണ്മെന്റുമായി കേന്ദ്രത്തിലെ ഉന്നതതല സമിതിയുമായി അടിയന്തിരമായി ചർച്ചകൾ നടത്തി നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ തയ്യാറാകുമോ? അതോടൊപ്പം തന്നെ മരച്ചീനിയുടെ (സ്റ്റാർച്ച്) നികുതി ഒഴിവാക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: 2 ചോദ്യങ്ങൾ ഒന്നിച്ചാണ് ചോദിച്ചത്. തീർച്ചയായും വില കുറയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും. കേന്ദ്ര ഗവണ്മെന്റിൽ നിന്നോ, അല്ലെങ്കിൽ എമ്പവർഡ് കമ്മിറ്റിയുടെ ചർച്ചയിലോ നമുക്കു ഒരു പരിഹാരം കണ്ടില്ലെങ്കിൽ വേറെ ഏതെങ്കിലും നടപടികൾ കർശനമായി കേരളത്തിൽ സ്വീകരിക്കാൻ കഴിയുമോയെന്നും, നിയമങ്ങൾ ഒരു പക്ഷെ സഹായകരമായില്ലെങ്കിലും മറ്റ് നിയമങ്ങൾ വഴി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നും പരിശോധിക്കാം. മരച്ചീനിയുടെ കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീ. ടി. എം. ജേക്കബ്: ഈ വാല്യൂ ആൻഡ് ടാക്സ് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയതിനുശേഷം മരുന്നുകളുടെ വില വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ പ്രമേഹരോഗത്തിനു വേണ്ടിയിട്ടുള്ള ഇൻസുലിന്റെ കാര്യത്തിലാണെങ്കിലും അതിന്റെ ഗുളികകളുടെ കാര്യത്തിലാണെങ്കിലും വ്യാപകമായി സംസ്ഥാനത്ത് പല മരുന്നുകൾക്കും വളരെയേറെ വില വർദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ പറഞ്ഞത് വില കുറയ്ക്കാമെന്നാണ്. പക്ഷെ വില കൂടിയിരിക്കുന്ന സാഹചര്യത്തിൽ മരുന്നുകളുടെ വില കുറയ്ക്കാൻ വാറ്റ് വന്നതിനുശേഷം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വക്കം പുരുഷോത്തമൻ: പല മരുന്നുകൾക്കും വില കുറഞ്ഞിട്ടുണ്ട്. വില കുറഞ്ഞിട്ടുള്ള പട്ടികയിലാണ് മരുന്നുകൾ ഉള്ളത്. റെഡിമെയ്ഡ് വസ്ത്രങ്ങൾ, മരുന്നുകൾ, പി. വി. സി. പൈപ്പുകൾ, കാലിത്തീറ്റ, ഇലക്ട്രോണിക്ക് ഉപകരണങ്ങൾ, അലുമിനീയം ഉപകരണങ്ങൾ ഇവയുടെ വില കുറഞ്ഞിട്ടുണ്ട്. അപ്പോൾ മരുന്നുകളുടെ കാര്യത്തിൽ വില കുറഞ്ഞ ഐറ്റംസ് ഉണ്ട്. ഏതെങ്കിലും മരുന്നിന് വില കുറഞ്ഞിട്ടില്ലെങ്കിൽ അത് പ്രത്യേകമായി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കും. ഇൻസുലിൻ അല്ലാതെ വേറെ ഏതെങ്കിലും മരുന്നിന് വില കുറഞ്ഞിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ അതു പ്രത്യേകിച്ച് അന്വേഷിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു: വാറ്റ് വന്നതിനുശേഷം അവ്യക്തതകൾ മാറ്റാൻ ഗവണ്മെന്റ് പല നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിലും വാറ്റ് നിയമത്തിൽ പല മേഖലകളിലും അവ്യക്തതകൾ നിലനിൽക്കുകയാണ്. കോൺട്രാക്ടർമാരിൽ നിന്ന് 12% ടാക്സ് പിരിക്കാനാണ് വാറ്റ് അനുസരിച്ചുള്ള വ്യവസ്ഥ. എന്നാൽ ഇതു സംബന്ധിച്ച് വളരെയേറെ അവ്യക്തതകൾ ഉണ്ട്. അതുപോലെ മെഷിനറിക്ക് 4% ടാക്സ് ആണ് വാറ്റിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ 4% ടാക്സ് ഈടാക്കി കൊണ്ട് മെഷിനറി കൊണ്ടുവരാൻ സാധിക്കുന്നില്ല. അത് ഉൽപ്പാദന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതുപോലെത്തന്നെ 50 ലക്ഷം രൂപ വരെയുള്ള വിറ്റുവരവിന് അര ശതമാനമാണ് ടാക്സ്. എന്നാൽ രജിസ്റ്റേർഡ് ഡീലർമാരിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന ഒരു വ്യവസ്ഥ കൂടി 50 ലക്ഷം രൂപ വരെയുള്ളവർക്കുണ്ട്. ഈ വ്യവസ്ഥ മാറ്റാനും അവ്യക്തതകൾ ഒഴിവാക്കാനും ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇന്നിപ്പോൾ നിലവിലുള്ള ടാക്സ് റേറ്റുകളെല്ലാം ആൾ ഇന്ത്യ ലവലിലുള്ളതാണ്. അതിൽ പ്രത്യേകമായിട്ട് ഏതെങ്കിലും മാറ്റങ്ങൾ വരുത്തണമെങ്കിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടി അത് എമ്പവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അവിടെ അംഗീകരിക്കുകയാണെങ്കിൽ നടപ്പിലാക്കുകയെന്നുള്ളതാണ്. ചില പ്രത്യേക കാര്യങ്ങൾക്ക് ചില എക്സംപ്ഷൻസ് കൊടുക്കാൻ പോലും ഇപ്പോൾ നമ്മൾ സ്വീകരിച്ചിരിക്കുന്ന നടപടിക്രമം അത് എമ്പവേർഡ് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷമാണ്. അപ്പോൾ ഏതെങ്കിലും പ്രശ്നം പ്രത്യേകമായിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ അത് എമ്പവേർഡ് കമ്മിറ്റിയിൽ ചർച്ച ചെയ്യാം.

(ചോദ്യോത്തരസമയം കഴിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly